## 899

സകലേശജനെ വെടിയും നരസംഘം ചുവടേ പൊടിയും

1 സങ്കടം നിറഞ്ഞിങ്ങമരും തൻ ജനങ്ങളെ കാത്തരുളും
തുംഗതേജസ്സാ വാനിൽ വരും-

2 സാരമായ തൻവാക്കുകൾ നിസ്സാരമെന്നു താനേ കരുതി
നേരുവിട്ടു നീ പോകുകയോ?-

3 നഷ്ടമേൽക്കുകിൽ നൂറുഗണം കിട്ടുമെന്നല്ല രാജ്യമതിൽ
നിത്യജീവനും കിട്ടുമെന്നാൽ-

4 ദൈവദാസരോടിങ്ങിടയും പാപികൾ കിടന്നങ്ങലയും
കോപമേറ്റശേഷം വലയും-

5 ചൂളപോലെരിയുന്ന ദിനം കാളുമഗ്നിയായ് വന്നിടവേ
താളടിക്കു തുല്യം നരരാം-

6 വേരുകൊന്നിവ ശേഷിച്ചിടാ ചാരമാമവർ കാൽക്കടിയിൽ
നേരുകാരതി ശോഭിതരാം-

7 യൂദർ ക്രിസ്തനെത്തള്ളിയതാൽ ഖേദമെന്തു വന്നോർക്കുക നീ
ഭേദമില്ല നീയാകിലുമീ- **K.V.S.**